## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം :- ആ .വ.ഡ. - ജീവനക്കാര്യം - സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് റിവേർട്ട് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) വിവിധ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ റിപ്പോർട്ടുകൾ
2) സീനിയർ ക്ലാർക്ക് പ്രൊമോഷൻ ഉത്തരവുകൾ.
3)12.04.2024.ലെ DHS/2964/2024- ED1നമ്പർ നോട്ടീസ്
4) GO(MS) No.22/PD/ Date,13/01/72.
5) GO (P) No.4/2014 / P&ARD Dated.21/01/2014.

**ഉത്തരവ് നം : DHS/2964/2024- ED1 തിയതി : 06-12-2024**

പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന ജീവനക്കാർക്ക് ഡിപ്പാർട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടില്ലങ്കിലും കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം -II ചട്ടം 13A (1)(a), 13 A (2) എന്നിവ പ്രകാരം താത്കാലിക പ്രൊമോഷന് അർഹതയുണ്ട്. ടി ജീവനക്കാർ പ്രൊമോഷൻ ടെസ്റ്റ് യോഗ്യത യഥാസമയം നേടിയിരുന്നെങ്കിൽ പ്രൊമോഷൻ ലഭിക്കുമായിരുന്ന തീയതി മുതൽ മൂന്ന് വർഷത്തേക്കാണ് ടെസ്റ്റ് ഇളവിന് അർഹത. എന്നാൽ അപ്രകാരം ടെസ്റ്റ് ഇളവിൽ താൽക്കാലിക പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാർ പ്രസ്തുത മൂന്ന് വർഷത്തിനകം പ്രൊമോഷൻ ടെസ്റ്റ് പാസ്സാകാത്ത പക്ഷം അത്തരം ഉദ്യോഗസ്ഥരെ പ്രൊമോഷൻ തസ്തികയിൽ നിന്നും റിവേർട്ട് ചെയ്യണമെന്ന് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം -II ചട്ടം 13 A (2) അനുശാസിക്കുന്നു.

2. വിവിധ ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം -II ചട്ടം 13A (1)(a), 13 A (2) വ്യവസ്ഥകൾക്ക് വിധേയമായി ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിൽ താത്കാലിക സ്ഥാനക്കയറ്റം ലഭിച്ച പല

ജീവനക്കാരും നിശ്ചിത കാലയളവിനുള്ളിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായിട്ടില്ലന്ന്
ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപോർട്ട് ചെയ്യിരുന്നു. അപ്രകാരമുള്ള സീനിയർ ക്ലാർക്കുമാരെ പ്രസ്ഥുത തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് റിവേർട്ട് ചെയ്യാൻ താൽക്കാലികമായി തിരുമാനിച്ചുകൊണ്ട് പരാമർശം (3) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു.

3. പ്രസ്തുത നോട്ടിസിൽമേൽ വിവിധ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും അപേക്ഷകൾ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷകൾ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ജീവനക്കാർ നാളിതുവരെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായിട്ടില്ലാത്തതിനാൽ ടി ജീവനക്കാരെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം -II ചട്ടം 13A (2) വ്യവസ്ഥകൾക്ക് വിധേയമായി ഈ ഉത്തരവ് പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് റിവേർട്ട് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേരും സ്ഥാപനവും | സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് |
|---|---|---|
| 1 | ശ്രീ. ബാബു കെ.കെ.<br>T.H പിറവം. എറണാകുളം | ED1/03/2014/ DHS, Dtd:06/01/2014 |
| 2 | ശ്രീ. അമൽരാജ് പി.ആർ.<br>എഫ്.എച്ച്.സി. കൂനമ്മാവ്<br>എറണാകുളം. | ED1/03/2015/DHS, Dtd:07/12/2015 |
| 3 | ശ്രീ. വിജയകുമാർ ജെ.<br>പി.എച്ച്.സി. വിളവൂർക്കൽ,<br>തിരുവനന്തപുരം. | ED1/03/2015/DHS, Dtd:07/12/2015 |
| 4 | ശ്രീ. സരുൺ എസ്.ആർ.<br>താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി<br>ആറ്റിങ്ങൽ. തിരുവനന്തപുരം. | ED1/03/2015/DHS, Dtd:30/03/2019 |
| 5 | ശ്രീ. സുമിത്ത് സി.കെ.<br>പി.എച്ച്.സി.പുതുപ്പാടി.<br>കോഴിക്കോട് | ED1/03/17/DHS, Dtd:15/04/2017 |

4. ടി ജീവനക്കാർക്കു സീനിയർ ക്ലെർക്ക് തസ്തികയിൽ പ്രമോഷൻ ലഭിച്ചിട്ടില്ലായെന്നും, അവർ ക്ലാർക്ക് തസ്തികയിൽ തുടരുകയാണ് എന്ന നിലയിലും കണക്കായി ക്ലെർക്ക് തസ്തികയിൽ അവരുടെ ശമ്പളം പുനർനിർണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്ഥാപനമേധാവികൾ/ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിഗ് ഓഫീസിർമാർ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

Signed by
M . Abul Kalam
Date: 06-12-2024 14:23:09

Abul Kalam M
SENIOR ADMINSTRATIVE OFFICER

സ്വീകർത്താവ് ,
1. ബന്ധപ്പെട്ട ജീവനക്കാർക്ക് / സ്ഥാപന മേധാവികൾക്ക്
2. ബന്ധപ്പെട്ട ,ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക്

പകർപ്പ്:
1 . ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്.സൈറ്റ്
2 . ഫയൽ/കരുതൽ ഫയൽ